"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്- ടേം ലോണിനും പ്രവർത്തന മൂലധനവായ്പയ്ക്കും പലിശയിളവ് നൽകുന്ന പദ്ധതിയുടെ മുൻ ക്ലെയിം തുകയായ 8,83,901/- രൂപ നടപ്പ സാമ്പത്തിക വർഷം (2024-25) 2851-00-102-33 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 150 ലക്ഷം രൂപയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ ( ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.481/2024/ID തീയതി,തിരുവനന്തപുരം, 21-06-2024

---

പരാമർശം:- 1. വ്യവസായ വാണിജ്യവകുപ്പ് ഡയറക്ടറുടെ 10.09.2023 തീയതിയിലെ DIC/1844/2022- FC4 നമ്പർ കത്ത്

**ഉത്തരവ്**

കോവിഡ് -19 മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി ബാധിച്ച എം.എസ്.എം.ഇ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിന് വിഭാവനം ചെയ്ത (വ്യവസായ ഭദ്രത പാക്കേജിന് കീഴിൽ പ്രഖ്യാപിച്ച) ഒരു പദ്ധതിയാണ് "ടേം ലോണിനും , പ്രവർത്തന മൂലധന വായ്പയ്ക്കും പലിശയിളവ് നൽകുന്ന പദ്ധതി (Scheme for interest subvention on Term loan and working capital loan )." 01/04/2019 മുതൽ 31/12/2021 വരെയുള്ള കാലയളവിൽ ബാങ്ക് വായ്പ അനുവദിച്ച യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രകാരം സഹായത്തിന് അർഹതയുണ്ടായിരുന്നു. സ്ഥിര മൂലധന വായ്പ മാത്രം ആയോ പ്രവർത്തന മൂലധന വായ്പ മാത്രമായോ ഇവ സംയുക്തമായോ എടുക്കുന്ന വായ്പയ്ക്ക് (New / Additional ) 12 മാസത്തേക്ക് പലിശ സബ്സിഡിയുടെ രൂപത്തിലാണ് സഹായം നൽകിയിരുന്നത്. തകർച്ച നേരിടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ( Revival of MSMEs with Stressed Assets) പദ്ധതിയുടെ ശീർഷകമായ 2851-00-102-33( P ) -ൽ നിന്നുമാണ് ടേം ലോണിനും , പ്രവർത്തന മൂലധന വായ്പയ്ക്കും പലിശയിളവ് നൽകുന്ന പദ്ധതിയിൽ പലിശ സബ്സിഡി തുക അനുവദിച്ചിരുന്നത്.31/12/2022 വരെയാണ് ഈ പദ്ധതി പ്രാബല്യത്തിലുണ്ടായിരുന്നത്. ആയതിനാൽ 2023-24 സാമ്പത്തിക വർഷം "ടേം ലോണിനും പ്രവർത്തന മൂലധന വായ്പയ്ക്ക് പലിശയിളവ് നൽകുന്ന പദ്ധതി (Scheme for interest subvention on Term loan and working capital loan )" പദ്ധതിയ്ക്കായി ബഡ്ജറ്റിൽ പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടില്ല.

2. എന്നാൽ ഈ പദ്ധതി പ്രകാരം 2023 മാർച്ച് മാസത്തിൽ വയനാട്, ആലപ്പുഴ ജില്ലകളിൽ നിന്നും യഥാക്രമം ട്രഷറിയിൽ സമർപ്പിച്ച 100382/- രൂപ, 18873/- രൂപ എന്നീ തുകകളുടെ ബില്ലുകൾ ധനകാര്യ നിയന്ത്രണത്തെ തുടർന്ന് പാസ്സാക്കിയിരുന്നില്ല എന്നും കൂടാതെ, എറണാകുളം(53,382/-), കൊല്ലം(84,580/-) മലപ്പുറം (3,00,000/-) തൃശ്ശൂർ (3,26,684/-) എന്നീ ജില്ലകളിൽ ലഭ്യമായ അപേക്ഷകളിലെ അപാകതകൾ പരിഹരിക്കുന്നതിനു കാലതാമസം നേരിടുകയും ചെയ്തുവെന്നും ആയതിനാൽ എറണാകുളം, ആലപ്പുഴ, കൊല്ലം, മലപ്പുറം, വയനാട്, തൃശ്ശൂർ ജില്ലകളിൽ നിന്നുള്ള അപേക്ഷകൾക്കുള്ള സഹായം വിതരണം ചെയ്യുന്നതിന് 8,83,901/- (എട്ടു ലക്ഷത്തി എൺപത്തിമൂവായിരത്തി തൊള്ളായിരത്തി ഒന്നു രൂപ മാത്രം) ആവശ്യമാണ്

എന്നും എന്നാൽ 2023-24 സാമ്പത്തിക വർഷം "ടേം ലോണിനും പ്രവർത്തന മൂലധന വായ്പയ്ക്കും പലിശയിളവ് നൽകുന്ന പദ്ധതി (Scheme for Interest subvention on Term loan and working capital loan) "പദ്ധതിക്കായി ബഡ്ജറ്റിൽ പ്രത്യേകം ഫണ്ട് വകയിരുത്തിയിട്ടില്ലാത്തതിനാൽ 2023-24 സാമ്പത്തിക വർഷം മുതൽ പ്രാബല്യത്തിൽ ഉള്ള "തകർച്ച നേരിടുന്നതും പ്രവർത്തന രഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി" (Revival of MSMEs with Stressed Asset, Defunct MSME Units and Cashew Processing Units) എന്ന പദ്ധതിയുടെ ശീർഷകമായ 2851-00-102-33(P) ൽ നിന്ന് 8,83,901/-(എട്ടു ലക്ഷത്തി എൺപത്തിമൂവായിരത്തി തൊള്ളായിരത്തി ഒന്നു രൂപ മാത്രം) വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് വ്യവസായ വാണിജ്യവകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വ്യവസായ ഭദ്രത പാക്കേജിൽ ഉൾപ്പെട്ട "ടേം ലോണിനും , പ്രവർത്തന മൂലധന വായ്പയ്ക്കും പലിശയിളവ് നൽ കുന്ന പദ്ധതിയുടെ മുൻ ക്ലെയിം തുകയായ 8,83,901/- രൂപ (എട്ടു ലക്ഷത്തി എൺപത്തിമൂവായിരത്തി തൊള്ളായിരത്തി ഒന്നു രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷം (2024-25) 2851-00-102-33 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 150 ലക്ഷം(നൂറ്റി അൻപതു ലക്ഷം) രൂപയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയകുമാർ സി എസ്
ജോയിന്റ് സെക്രട്ടറി

വ്യവസായ വാണിജ്യവകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കിൻഫ്ര
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, K- Bip ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /A&E) കേരളം , തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്(18.05.2024 ലെ I&PW- A3/132/2023- Fin കുറിപ്പ് പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് (15.02.2024 ലെ PLGEA-A2/12/2024-PLGEA കുറിപ്പ് പ്രകാരം)
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Anilkumar P
Date: 21-06-2024 15:39:55

സെക്ഷൻ ഓഫീസർ